(ജി) റോഡ് നവീകരണത്തിനാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ് 2009-ൽ ഭരണാനുമതി നൽകിയ പ്രവൃത്തി 2014 വരെ ആരംഭിക്കാതിരുന്നത്. 2014 ജനുവരി മാസത്തിലാണ് ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറാൻ തയ്യാറായ വിവരം നഗരസഭ അറിയിച്ചത്. 2012 ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 2014-ൽ ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുന്നതിനും, ടെണ്ടർ വർദ്ധനവ് ഒഴിവാക്കുന്നതിനും വേണ്ടിയാണ് അതേ കരാറുകാരനെത്തന്നെ പ്രവൃത്തി ഏൽപ്പിച്ചത്.

മണലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പദ്ധതികൾ

266 (1300) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ :

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) മണലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

നാട്ടിക പഴവിൽ പാലം നിർമ്മാണം

267 (1301) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ പഴവിൽ പാലം നിർമ്മാണം ആരംഭിക്കുന്നതിനും കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ :

(ബി) പാലം നിർമ്മാണത്തിന് വേണ്ടിവരുന്ന ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ എന്നും ഇല്ലെങ്കിൽ പ്രധാന തടസ്സങ്ങൾ എന്താണെന്നും അറിയിക്കുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂമിയുടെ ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് കോടതി കേസുകൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പാലം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ പഴുവിൽ പാലം പണിയുന്നതിനുള്ള സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറായി വരുന്നതേയുള്ളൂ.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താണ് പാലം നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

(സി) ഇല്ല.

(ഡി) 2015 ജൂലൈ മാസത്തോടെ പാലം നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

സംസ്ഥാന പാതകളിലെ ഹെവി മെയിന്റനസ് പദ്ധതി

268 (1302) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഹെവി മെയിന്റനൻസ് പദ്ധതി മുഴുവൻ സംസ്ഥാന പാതകളിലും നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ ;

(ബി) ഏതു പാതകളിലാണ് ഇത് നടപ്പാക്കിയത് എന്നും ഇത് എത്ര മീറ്റർ എന്നും അറിയിക്കുമോ ;

(സി) ഇതിനായി ചെലവഴിച്ച തുകയെത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഹെവി മെയിന്റനൻസ് പദ്ധതി മുഴുവൻ സംസ്ഥാന പാതകളിലും നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല എങ്കിലും ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഒറ്റപ്പാലം-മണ്ണാർക്കാട് റോഡ് കി.മീ.0/000 to 31/400-31.40 കി.മീ, പാലക്കാട് പെരിന്തൽമണ്ണ റോഡ് 43/880 to 48/880-5 കി.മീ. ഇതിനായി ചെലവഴിച്ച തുക 24.5 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly